കേരള വികസന പദ്ധതിയിലെ നിർവ്വഹണോദ്യോഗസ്ഥർ

8 |3701| *ശ്രീ. സി. മോയിൻകുട്ടി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിട്ടുകൊടുത്തിട്ടുള്ളത്;

(ബി) ഈ ഉദ്യോഗസ്ഥർ കേരള വികസന പദ്ധതിയിലെ നിർവഹണോദ്യോഗസ്ഥരുടെ ചുമതല വഹിച്ചതുമൂലമുള്ള നഷ്ടമായി ആഡിറ്റ് വിഭാഗം കണ്ടെത്തിയതുക ഈടാക്കുവാൻ എന്തു നടപടിയാണുള്ളത്;

(സി) ഇവരുടെ പെൻഷൻ ആനുകൂല്യങ്ങളും മറ്റും മാതൃ വകുപ്പുവഴി നൽകുമ്പോൾ തദ്ദേശസ്ഥാപനങ്ങളിൽ നിന്നുമുള്ള നോൺലയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങുന്നില്ലെന്ന കാര്യം അന്വേഷിക്കുമോ;

(ഡി) ആഡിറ്റ് വിഭാഗം എത്ര ലക്ഷം രൂപയുടെ ബാധ്യത ഇവരുടെ പേരിൽ ചുമത്തിയിട്ടുണ്ട്;

(ഇ) നോൺലയബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്കൊപ്പം അവയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ തസ്തികകളും ഉദ്യോഗസ്ഥരെയും കൈമാറിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.† ഇതിനുപുറമെ 19 സർക്കാർ വകുപ്പുകളിൽ നിന്ന് 1302 ക്ലാർക്കുമാരെയും പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകളിൽ നിന്ന് ചുവടെ ചേർത്തിട്ടുള്ള തസ്തികകളിലുള്ള ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച് നിയമിച്ചുവരുന്നു.

1. ചീഫ് എഞ്ചിനീയർ---1
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ---4
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ---19
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ--- 90
5. അസിസ്റ്റന്റ് എഞ്ചിനീയർ 480
6. ഓവർസിയർ--- 1782
7. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്--- 1
8. ഡിവിഷണൽ അക്കൗണ്ടന്റ്---14

അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

9. ജൂനിയർ സൂപ്രണ്ട്---18
10. ക്ലാർക്ക്---722
11. ടൈപ്പിസ്റ്റ്---185
12. ശിപായി---185
13. പാർട്ട്ടൈം സ്വീപ്പർ---168
14. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്---3
15. ഡ്രൈവർ---67

(ബി) ലോക്കൽ ഫണ്ട് ആഡിറ്റിൽ കണ്ടെത്തിയ ബാദ്ധ്യതകൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ 16-ാം വകുപ്പ് പ്രകാരം സർചാർജ്ജ് നടപടിയിലൂടെ ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ തന്നെ നടപടിയെടുത്തിട്ടുണ്ട്. എ. ജി. യുടെ ആഡിറ്റിലും പെർഫോമൻസ് ഓഡിറ്റിലും മറ്റ് ആഡിറ്റുകൾ മുഖാന്തിരവും കണ്ടെത്തിയ ബാദ്ധ്യതകൾ ഈടാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പു മേധാവികൾ വഴി ഉത്തരവ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്.

(സി) ബാദ്ധ്യതകൾ തീർപ്പാകാതെ ബന്ധപ്പെട്ട വകുപ്പു മേധാവികൾ നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകാറില്ല. നിർവ്വഹണ ഉദ്യോഗസ്ഥരായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന കാലയളവിൽ ബാദ്ധ്യതകൾ ഒന്നും ഇല്ലായെന്ന സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിക്കഴിഞ്ഞാൽ മാത്രമേ വകുപ്പു മേധാവികൾ നോൺലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകാറുള്ളൂ.

(ഡി) ഇവരുടെ പേരിൽ ചുമത്തിയ ബാദ്ധ്യത സംബന്ധിച്ച് മൊത്തത്തിൽ കണക്കെടുത്തിട്ടില്ല.

(ഇ) നോൺലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച് നിലവിൽ തന്നെ വ്യവസ്ഥ ഉണ്ട്.

പേറ്റന്റ് സംബന്ധിച്ച് കാര്യങ്ങൾക്കുവേണ്ടി കമ്മിറ്റി

9 [3702] *ശ്രീ. എ. കെ. മണി:*
,, സി. പി. മുഹമ്മദ്:
,, കെ. സി. ജോസഫ്:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കണ്ണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ ഒരു പേറ്റന്റ് സബ്-ഓഫീസോ സെല്ലോ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പേറ്റന്റ് സംബന്ധിച്ചകാര്യങ്ങൾക്കുവേണ്ടി ഒരു കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[29-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത 8 (3701)-ാം നമ്പർ ചോദ്യം കാണുക]

(എ) ഗ്രാമപഞ്ചായത്തിന് കൈമാറുന്ന സ്ഥാപനങ്ങളും തസ്തികകളും

1. *കൃഷി വകുപ്പ്.*—അതതു സ്ഥലത്തെ കൃഷിഭവൻ.

2. *മൃഗസംരക്ഷണ വകുപ്പ്.*—അതതു സ്ഥലത്തെ വെറ്ററിനറി സബ് സെന്റർ, വെറ്ററിനറി ഡിസ്പെൻസറി/ആശുപത്രി.

3. *ക്ഷീരവികസന വകുപ്പ്.*—ഒരു ഡയറി എക്സ്റ്റൻഷൻ ആഫീസർ തസ്തികയും അനുബന്ധ തസ്തികകളും (ഈ യൂണിറ്റ് ബ്ലോക്ക് പഞ്ചായത്തു പ്രദേശത്തെ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യേണ്ടതും അത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പ്രവർത്തിക്കേണ്ടതുമാണ്).

4. *മത്സ്യബന്ധന വകുപ്പ്.*—ഒരു ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തിക (ആറാശ്യമായ ഗ്രാമപഞ്ചായത്തുകളിൽ മാത്രം).

5. *ഗ്രാമവികസന വകുപ്പ്.*—രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ തസ്തികകൾ (ലേഡി വി. ഇ. ഒ. ഉൾപ്പെടെ) (രണ്ടു വീതം തസ്തികകൾ ഓരോ ഗ്രാമപഞ്ചായത്തിലേക്കും വിട്ടുകൊടുക്കുന്നതിന് ആവശ്യമായ തസ്തികകൾ ഒരു ഗ്രാമവികസന ബ്ലോക്കിൽ ലഭ്യമല്ലെങ്കിൽ, തൽക്കാലം ഒരു തസ്തിക വിട്ടു കൊടുത്താൽ മതിയാകുന്നതാണ്. ജോലിഭാരമനുസരിച്ച് ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ രണ്ടിൽ കൂടുതൽ തസ്തികകൾ ആവശ്യമുണ്ടെങ്കിൽ ലഭ്യതയ്ക്കനുസരിച്ച് അപ്രകാരം വിട്ടുകൊടുക്കാവുന്നതാണ്).

6. *സാമൂഹ്യക്ഷേമ വകുപ്പ്.*—അതതു സ്ഥലത്തെ ഡേ കെയർ സെന്ററുകളും അംഗൻവാടികളും.

7. *പട്ടികജാതിവികസന വകുപ്പ്.*—അതതു സ്ഥലത്തെ ബാലവാടികൾ, ബാലവാടി-കം-ഫീഡിംഗ് സെന്റർ, സീസണൽ ഡേ കെയർ സെന്റർ, ഡോർമിറ്ററി.

8. *പട്ടികവർഗ്ഗ വികസന വകുപ്പ്.*—അതതു സ്ഥലത്തെ ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്കൂളുകൾ, മിഡ്വൈഫറി സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ.

LIBRARY ARCHIVES Kerala Legislative Assembly

9. *ആരോഗ്യ വകുപ്പ്.*—അതതു സ്ഥലത്തെ പ്രൈമറി ഹെൽത്ത് സെന്റർ, ഗവണ്മെന്റ് ഡിസ്പെൻസറി.

10. *ആയുർവേദ വകുപ്പ്.*—അതതു സ്ഥലത്തെ ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറി, ആശുപത്രി.

11. *ഹോമിയോപ്പതി വകുപ്പ്.*—അതതു സ്ഥലത്തെ ഗവണ്മെന്റ് ഹോമിയോ ഡിസ്പെൻസറി, ആശുപത്രി.

12. *പൊതുവിദ്യാഭ്യാസ വകുപ്പ്.*—അതതു സ്ഥലത്തെ ഗവണ്മെന്റ് ലോവർ പ്രൈമറി സ്കൂളുകൾ.

13. *പൊതുമരാമത്തു വകുപ്പ്.*—ഒരു പബ്ലിക് വർക്സ് ഓവർസിയർ തസ്തിക (ഈ തസ്തിക എഞ്ചിനീയറിംഗ് സ്റ്റാഫ് നിലവിലില്ലാത്ത ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അത്തരം 3 ഗ്രാമപഞ്ചാത്തുകളിൽ പ്രവർത്തിക്കേണ്ടതുമാണ്).

(ബി) ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്ന സ്ഥാപനങ്ങളും തസ്തികകളും

1. *കൃഷി വകുപ്പ്.*—ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും അനുബന്ധ തസ്തികകളും.

2. *വ്യവസായ വകുപ്പ്*—ഒരു ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർ തസ്തിക.

3. *ഗ്രാമവികസന വകുപ്പ്.*—ബ്ലോക്ക് ഡവലപ്മെന്റ് ആഫീസർ തസ്തികയും അനുബന്ധ തസ്തികകളും.

4. *സാമൂഹ്യക്ഷേമ വകുപ്പ്.*—അതതു സ്ഥലത്തെ കെയർ ഹോമുകളും, ഓൾഡ് ഏജ് ഹോമുകളും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളും.

5. *പട്ടികജാതിവികസന വകുപ്പ്.*—(1) അതതു സ്ഥലത്തെ പ്രീമെട്രിക് ഹോസ്റ്റലുകൾ, (2) ബ്ലോക്ക് എക്സ്റ്റൻഷൻ ആഫീസർ തസ്തിക (എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം.)

6. *പട്ടികവർഗ്ഗ വികസന വകുപ്പ്.*—ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ (എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം).

7. *ആരോഗ്യ വകുപ്പ്.*—അതതു സ്ഥലത്തെ ബ്ലോക്ക് ലവൽ പ്രൈമറി ഹെൽത്ത് സെന്റർ/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി/ ഗവണ്മെന്റ് ആശുപത്രി.

8. *ആയുർവേദ വകുപ്പ്.*—അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി.

9. *ഹോമിയോപ്പതി വകുപ്പ്.*—അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി.

GPM. 2/256/2012—43

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ പഞ്ചായത്തിന് കൈമാറുന്ന സ്ഥാപനങ്ങളും തസ്തികകളും

1. *കൃഷി വകുപ്പ്.*—(i) രണ്ട് കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളും അനുബന്ധ തസ്തികകളും.

   (ii) ജില്ലാ സോയിൽ കൺസർവേഷൻ ആഫീസർ തസ്തികയും അനുബന്ധ തസ്തികകളും.

   (iii) ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും അനുബന്ധ തസ്തികകളും.

   (iv) അതതു സ്ഥലത്തെ മണ്ണു പരിശോധനാ ലബോറട്ടറി.

   (v) മൊബൈൽ മണ്ണു പരിശോധനാ ലബോറട്ടറി.

   (vi) ജില്ലാ വിത്പനകേന്ദ്രം.

   (vii) ജില്ലാ കൃഷിത്തോട്ടം/തെങ്ങിൻതൈ നഴ്സറി (ജില്ലാ പഞ്ചായത്തിനു വിട്ടുകൊടുക്കുന്ന ഈ സ്ഥാപനങ്ങൾ അവ നിലവിലില്ലാത്ത ജില്ലകളിലെ ആവശ്യം കൂടി നിറവേറ്റണ്ടതാണ്).

2. *മൃഗസംരക്ഷണ വകുപ്പ്.*—അതതു സ്ഥലത്തെ വെറ്ററിനറി പോളിക്ലിനിക്, ഐ.സി.ഡി.പി. ഏരിയ ആഫീസ്, മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി, മൊബൈൽ ഫാം യൂണിറ്റ്, ജില്ലാ വെറ്ററിനറി കേന്ദ്രത്തോട് ബന്ധപ്പെട്ടതല്ലാത്ത ക്ലിനിക്കൽ ലബോറട്ടറി (മൊബൈൽ യൂണിറ്റുകളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും സേവനം നഗരപ്രദേശങ്ങളിലും ലഭ്യമാക്കേണ്ടതാണ്).

3. *മത്സ്യബന്ധന വകുപ്പ്.*—അതതു സ്ഥലത്തെ ഫിഷറീസ് സ്കൂൾ.

4. *ചെറുകിട ജലസേചന വകുപ്പ്.*—ഒരു അസിസ്റ്റന്റ് എഞ്ചിനീയറും അനുബന്ധ സ്റ്റാഫും അടങ്ങുന്ന ഒരു സെക്ഷൻ.

5. *വ്യവസായ വകുപ്പ്.*—ഒരു മാനേജർ തസ്തികയും അനുബന്ധ തസ്തികകളും (ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്ന്).

6. *ഗ്രാമവികസന വകുപ്പ്.*—ഒരു അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ തസ്തികയും ഒരു വനിതാക്ഷേമ ആഫീസർ തസ്തികയും അനുബന്ധ തസ്തികകളും.

7. *പൊതുവിദ്യാഭ്യാസ വകുപ്പ്.*—(i) അതതു സ്ഥലത്തെ ഗവണ്മെന്റ് അപ്പർ പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും.

   (ii) ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ നിന്ന് ഒരു സെക്ഷൻ.

LIBRARY ARCHIVES Kerala Legislative Assembly

8. *സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.*—(i) അതതു സ്ഥലത്തെ ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ.

(ii) അതതു സ്ഥലത്തെ ടെയിലറിംഗ് ട്രേഡ് സെന്റർ.

9. *സഹകരണ വകുപ്പ്.*—ഒരു അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയും ഒരു ക്ലാർക്ക് തസ്തികയും.

10. *പൊതുമരാമത്ത് വകുപ്പ്.*—ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും അനുബന്ധ സ്റ്റാഫും ഉൾപ്പെടുന്ന ഒരു ഡിവിഷൻ (ലോക്കൽ വർക്സ് ഡിവിഷൻ, സ്പെഷ്യൽ ഡിവിഷൻ, ബിൽഡിംഗ് ഡിവിഷൻ എന്നിവയിൽനിന്ന്).

(ഡി) മുനിസിപ്പൽ കൗൺസിലിന്/മുനിസിപ്പൽ കോർപ്പറേഷന് കൈമാറുന്ന സ്ഥാപനങ്ങളും തസ്തികകളും

1. *കൃഷി വകുപ്പ്.*—(i) അതതു സ്ഥലത്തെ കൃഷിഭവൻ.

(ii) ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തിക (ഈ തസ്തിക ജില്ലാ ആസ്ഥാനത്തെ നഗരസഭയ്ക്കാണ് വിട്ടുകൊടുക്കേണ്ടത്. എന്നാൽ ഉദ്യോഗസ്ഥന്റെ സേവനം, ജില്ലയിലെ എല്ലാ നഗരസഭകൾക്കും ലഭ്യമാക്കണം).

2. *മൃഗസംരക്ഷണ വകുപ്പ്.*—അതതു സ്ഥലത്തെ വെറ്ററിനറി പോളിക്ലിനിക്, സബ്സെന്റർ, ഡിസ്പെൻസറി.

3. *മത്സ്യബന്ധന വകുപ്പ്.*—ഒരു ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തിക (ആവശ്യമായ നഗര സഭകളിലേക്ക് മാത്രം).

4. *വ്യവസായ വകുപ്പ്.*—ഒരു ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ആഫീസർ തസ്തിക.

5. *സാമൂഹ്യക്ഷേമ വകുപ്പ്.*—അതതു സ്ഥലത്തെ ഡേകെയർ സെന്ററുകൾ, അംഗൻവാടികൾ, അതുപോലെയുള്ള മറ്റു സ്ഥാപനങ്ങൾ.

6. *ആരോഗ്യ വകുപ്പ്.*—അതതു സ്ഥലത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഗവൺമെന്റ് ആശുപത്രി, താലൂക്ക് ആശുപത്രി.

7. *ആയുർവേദ വകുപ്പ്.*—അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി.

8. *ഹോമിയോപ്പതി വകുപ്പ്.*—അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി.

9. *പൊതുവിദ്യാഭ്യാസ വകുപ്പ്.*—അതതു സ്ഥലത്തെ ഗവണ്മെന്റ് പ്രൈമറി സ്കൂളുകളും ഹൈസ്കൂളുകളും.

10. *സഹകരണ വകുപ്പ്.*—ഒരു സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തിക. (ഈ തസ്തിക ജില്ലാ ആസ്ഥാനത്തെ നഗര സഭയിലേക്ക് വിട്ടുകൊടുക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലയിലെ എല്ലാ നഗരസഭകളിലും പ്രവർത്തിക്കേണ്ടതുമാകുന്നു.)

LIBRARY ARCHIVES Kerala Legislative Assembly